(സി) കമ്മീഷൻ 30-6-2015 വരെ സിറ്റിംഗ് നടത്തി കടാശ്വാസത്തിനായി അർഹത കണ്ടെത്തിയിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിനായി 2015-16 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 1.20 കോടി രൂപയ്ക്ക് പുറമേ 20 കോടി രൂപ ആദ്യ ബാച്ച് SDG-യിൽ അനുവദിച്ചിട്ടുണ്ട്. 20 കോടി രൂപ ഈ വർഷം കടാശ്വാസത്തിനായി കൊടുത്തു തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) സഹകരണ വകുപ്പ്, മത്സ്യഫെഡ് എന്നിവർക്ക് ആഡിറ്റിംഗിനായി നൽകിയിരിക്കുന്നതും ദേശസാൽകൃത ധനകാര്യ സ്ഥാപനങ്ങളുടെ രണ്ടാംഘട്ട അദാലത്ത് പ്രകാരമുള്ളതുമായ ലിസ്റ്റുകളിൽ ഉൾപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസത്തിനായി ആദ്യ ബാച്ച് SDG-യിൽ 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആഡിറ്റിംഗ് പൂർത്തിയാകുന്ന മുറയ്ക്ക് ടി തുക റിലീസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**മത്സ്യത്തൊഴിലാളികൾക്ക് സംരക്ഷണം**

81(5666) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാവ്യതിയാനങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിനായി എന്തെല്ലാം സജ്ജീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) കടലിൽ വച്ച് അപകടം പറ്റുന്ന മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) കടലിൽ മത്സ്യത്തൊഴിലാളികളുടെ ജീവന് സംരക്ഷണം നൽകുന്നതിന് ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പത്ര മാധ്യമങ്ങളിലൂടെയും റേഡിയോ, ടെലിവിഷൻ, എന്നീ ദൃശ്യ ശ്രവ്യ മാർഗ്ഗങ്ങളിലൂടെയും കാലാവസ്ഥാ വ്യതിയാനങ്ങളെക്കുറിച്ച് മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പ് നൽകുന്നു.

(ബി) കടലിൽവച്ച് അപകടം പറ്റുന്ന മത്സ്യത്തൊഴിലാളികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തോടെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന താഴെപ്പറയുന്ന ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നു :

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(a) ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

ഈ പദ്ധതി പ്രകാരം മത്സ്യബന്ധനത്തിനിടയിൽ അപകടംമൂലം കാണാതാകുന്നവർക്കും അപകടംമൂലം മരണപ്പെടുന്നവർക്കും അപകടംമൂലം പൂർണ്ണമായും അവശതയിലാകുന്നവർക്കും 5 ലക്ഷം രൂപയും അപകടംമൂലം ഭാഗീകമായി അവശതയിലാകുന്നവർക്കും 24 മണിക്കൂറിലധികം ആശുപത്രി ചികിത്സ വേണ്ടിവരുന്നവർക്കും 2.5 ലക്ഷം രൂപയും കൂടാതെ അപകടത്തിൽ മരണപ്പെട്ടവരുടെ 2 മക്കളുടെ വിദ്യാഭ്യാസത്തിനായി പരമാവധി 10,000 രൂപയും നൽകിവരുന്നു.

(b) ആം ആദ്മി ബീമാ യോജന :-

സംസ്ഥാന ഫിഷറീസ് വകുപ്പ് എൽ.ഐ.സി.-യുടെ സഹകരണത്തോടെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പിലാക്കുന്ന ഈ പദ്ധതി പ്രകാരം താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നു.

| | | |
|---|---|---|
| അപകട മരണം | - | 75,000 രൂപ |
| അപകടം മൂലം പൂർണ്ണ അവശത | - | 37,500 രൂപ |
| സ്വാഭാവിക മരണം | - | 30,000 രൂപ |
| മത്സ്യത്തൊഴിലാളികളുടെ 9,10,11,12 ക്ലാസുകളിൽ പഠിക്കുന്ന മക്കൾക്ക് പ്രതിവർഷം സ്കോളർഷിപ്പ് | - | 1,200 രൂപ. |

(സി) വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നീ അഞ്ച് ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ബോട്ട് വാടകയ്ക്ക് എടുത്ത് ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരും മറൈൻ എൻഫോഴ്സ്മെന്റ് ജീവനക്കാരും ചേർന്ന് കടൽ പട്രോളിംഗും കടൽ രക്ഷാപ്രവർത്തനവും നടത്തിവരുന്നു. ഫിഷറീസ് വകുപ്പ് ബോട്ട് ഉപയോഗിച്ച് അപകടത്തിൽപ്പെടുന്നവരെ കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി എന്നിവരുടെ സഹായവും ഉറപ്പാക്കാറുണ്ട്. കൂടാതെ കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന 7262 മത്സ്യബന്ധന യാന ഉടമകൾക്ക് ലൈഫ് ബോട്ട്, റഡാർ റിഫ്ളക്ടർ, കോമ്പസ് ഹീലിയോഗ്രാഫ്, റേഡിയോ ബിക്കൺ, ഫിഷിംഗ് കം എമർജൻസി ഫ്ലാഷ് ലൈറ്റ്, ഫസ്റ്റ് എയ്ഡ് കിറ്റ്, വൈറ്റമിൻ ബിസ്കറ്റ്, ജാക്ക് നൈഫ്, കന്നാസ് എന്നിവ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ 3 മറൈൻ ആംബുലൻസുകൾ വാങ്ങുന്നതിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്.